ലേഖനം

ഷാനവാസ് കൊല്ലം

# ഇസ്‌ലാമിക പ്രബോധനത്തിന്റെ പുതിയ ആവിഷ്കാരങ്ങൾ

## മതമെന്ന നിലയിലും പ്രത്യയശാസ്ത്രമെന്ന നിലയിലും

**ഇടക്കാലത്തെ** മരവിപ്പിനു ശേഷം ഇപ്പോൾ ഇസ്‌ലാമിക പ്രബോധനം എന്നത് മുസ്‌ലിം സമൂഹത്തിന്റെ സജീവ ചർച്ചാ വിഷയമായിട്ടുണ്ട്. മുസ്‌ലിം സമൂഹത്തിലെ വ്യത്യസ്ത ധാരകൾ പ്രബോധനവുമായി ബന്ധപ്പെട്ട് വ്യത്യസ്ത മുൻഗണനകളും കാഴ്ചപ്പാടുകളുമാണ് വെച്ചു പുലർത്തുന്നത്. ഇവ്വിഷയകമായി എത്രയധികം ചർച്ചകൾ നടക്കുന്നുവോ അത്രയധികം അത് നമ്മുടെ കാഴ്ചപ്പാടുകളെ നവീകരിക്കുകയും പ്രബോധനത്തിന് മുതൽകൂട്ടാവുകയും ചെയ്യും. ഈ അർഥത്തിൽ ഇസ്‌ലാമിക പ്രബോധനവുമായി ബന്ധപ്പെട്ട ചില അടിസ്ഥാന വസ്തുതകൾ വിശദീകരിക്കാനാണിവിടെ ശ്രമിക്കുന്നത്.

### മതവും പ്രത്യയശാസ്ത്രവും

ഇസ്‌ലാമിന്റെ ദ്വൈത സ്വഭാവം മനസ്സിലാക്കുക എന്നത് പ്രബോധനവുമായി ബന്ധപ്പെട്ട ഒര നിവാര്യതയാണ്. ഇസ്‌ലാം മതവും പ്രത്യയശാസ്ത്രവും ചേർന്ന ഒരു സംയുക്തകമാണ്. സൗകര്യത്തിനു വേണ്ടി സന്ദർഭാനുസൃതം ഈ പദങ്ങൾ മാറി മാറി ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ സാങ്കേതിക പദം (ടെർമിനോളജി) എന്ന അർഥത്തിൽ പറയുമ്പോൾ ഇതിൽ രണ്ടിലേതെങ്കിലും ഒന്നിലേക്ക് ഇസ്‌ലാമിനെ പരിമിതപ്പെടുത്തരുത്. മതം എന്നത് ആത്മീയാനുഭൂതിയും വിശ്വാസവുമായി ബന്ധപ്പെട്ട വിഷയവുമാണ്. എന്നാൽ പ്രത്യയശാസ്ത്രമെന്നത് വസ്തുനിഷ്ഠ യാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ സാമൂഹിക ജീവിതത്തെ ക്രമീകരിക്കാനുള്ള പദ്ധതിയാണ്. മനുഷ്യ ജീവിതത്തിനനിവാര്യമായ ഈ രണ്ടു ഘടകങ്ങളും ഇസ്‌ലാമിൽ സംഗമിക്കുന്നത് കാണാം. മതത്തിൽ ചൂഴ്ന്നു നിൽക്കുന്ന പ്രത്യയശാസ്ത്രമെന്നും പ്രത്യയശാസ്ത്രത്തിന്റെ മേൽകൂരയുള്ള മതമെന്നും ഇസ്‌ലാമിനെ വിശേഷിപ്പിക്കാവുന്നതാണ്. വ്യത്യസ്ത ടെർമിനോളജികൾ ഉപയോഗിച്ചിട്ടില്ലെങ്കിലും, ഇവ രണ്ടിലുമായി നാം ആധുനിക കാലത്ത് എണ്ണുന്ന ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളെ സ്പർശിച്ചുകൊണ്ടാണ് എല്ലാ കാലത്തും പ്രവാചക പ്രബോധനം നടന്നിട്ടുള്ളത് എന്ന് കാണാൻ പ്രയാസമില്ല. ഇത്തരം പദാവലികൾ തന്നെ നമുക്കുപയോഗിക്കേണ്ടിവന്നത് പിൽക്കാലത്ത് രൂപപ്പെട്ട ചില സാഹചര്യങ്ങൾ മൂലമാണ്. മതേതരത്വത്തിന്റെ രംഗപ്രവേശത്തോടെ ദർശനങ്ങളുടെ ലോകത്ത് വലിയൊരു വിഭജനം നടന്നു. അതിൽ ഇസ്‌ലാമും മതത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടു. മറ്റു മതങ്ങളെപ്പോലെ അവിടെ ഇസ്‌ലാമും ചില ഔദാര്യങ്ങൾ കൈപ്പറ്റി ആധുനികതയുടെ സംവരണ മണ്ഡലത്തിലെ അനുസരണയുള്ള പ്രജയായി കഴിയാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. ഈയൊരു പശ്ചാത്തലമുള്ളതുകൊണ്ടാണ് പ്രസ്തുത വിശദീകരണങ്ങൾ ആവശ്യമായി വന്നത്.

ആധുനിക വിശകലന പ്രകാരം, ഇസ്‌ലാം ലോകത്തിനു മുന്നിൽ അതിന്റെ മതപരവും പ്രത്യയശാസ്ത്രപരവുമായ രണ്ട് മാനങ്ങളോടെയുമാണ് അവതരിപ്പിക്കപ്പെടേണ്ടത് എന്ന് പറയുന്നതാണ് കൂടുതൽ യുക്തമായിട്ടുള്ളത്.

## ഇസ്‌ലാമിന്റെ മതതലം

ഇസ്‌ലാമിക ആദർശ സംഹിതയുടെ പ്രഥമമായ പ്രാമാണിക അടിത്തറ ഖുർആനാകുന്നു. ഒരു പ്രമാണ സംഹിത എന്ന നിലക്ക് ഖുർആന്റെ അസ്തിത്വം തന്നെയും തികച്ചും വസ്തുനിഷ്ഠതക്കതീതമായ മാനമുള്ളതാണ്. വസ്തുനിഷ്ഠ പ്രപഞ്ചത്തിന്റെ പിന്നിലുള്ള വസ്തുനിഷ്ഠതക്കതീതമായ കാരണവുമായിട്ടാണതിന്റെ ബന്ധം. ആ ആദി കാരണത്തിന്റെ സ്വയം വെളിപ്പെടുത്തൽ എന്ന നിലക്കാണ് ഖുർആൻ പ്രത്യക്ഷപ്പെടുന്നത്. ഭൗതിക പ്രപഞ്ചത്തിന്റെ വ്യവസ്ഥയിലും സംവിധാനത്തിലുമുള്ള ഭൗതികാതീതമായ സാന്നിധ്യത്തിന്റെ മാനങ്ങളെ അത് വിശദമാക്കുന്നു. ഭൗതിക പ്രപഞ്ചത്തിന്റെ പിന്നിലുള്ള മൗലികവും നിരപേക്ഷമായ അസ്തിത്വമുള്ളതും ആദ്യന്തങ്ങളില്ലാത്തതും നാശരഹിതവുമായ ശക്തിയെക്കുറിക്കാൻ 'അല്ലാഹു' എന്ന പദമാണ് ഖുർആൻ ഉപയോഗിക്കുന്നത്.

ഭൗതിക പ്രപഞ്ചമാകെയും അല്ലാഹുവിന്റെ സൃഷ്ടികർമത്തിലൂടെ രൂപപ്പെട്ടതാകയാൽ മൗലികവും നിരപേക്ഷവുമായ അസ്തിത്വമുള്ള അല്ലാഹുവിനെക്കുറിച്ച അംഗീകാരമാണ് മനുഷ്യ ധിഷണ സൂക്ഷിക്കേണ്ട ഏറ്റവും അടിസ്ഥാനപരമായ ബോധം എന്നതാണ് ഖുർആന്റെ വളരെ പ്രാഥമികമായ സന്ദേശം. മനുഷ്യനെ സംബന്ധിച്ചേടത്തോളം എല്ലാ ശരികളുടെയും അടിസ്ഥാന ശരിയും, പ്രപഞ്ചത്തിലെ ഏറ്റവും മൗലികമായ സത്യവും ഇതാകുന്നു. ഇവിടെ കുഫ്‌റി(ദൈവനിഷേധ തത്ത്വശാസ്ത്രം)നെ എല്ലാ അർഥത്തിലും നിരാകരിക്കുകയാണ് ഖുർആൻ ചെയ്യുന്നത്.

പ്രപഞ്ചത്തിലെങ്ങും വിളങ്ങുന്നത് അല്ലാഹുവിന്റെ മാത്രം അറിവിന്റെയും കഴിവിന്റെയും ആസൂത്രണത്തിന്റെയും നിദർശനങ്ങളാണ്. ആകയാൽ അല്ലാഹുവിന് സമന്മാരോ പങ്കാളികളോ ഇല്ലെന്നംഗീകരിക്കുന്നത് അവന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നത്ര പ്രാധാന്യമുള്ളതാണ്. ഈ രംഗത്ത് സംഭവിക്കുന്ന വ്യതിയാനം സാക്ഷാലുള്ള ദിവ്യത്വത്തിന്റെ ഭാഗികമായ നിരാകരണവും അനർഹമായതിലുള്ള ദിവ്യത്വാരോപണവുമാണ്. ദൈവത്തിന്റേതു മാത്രമായ പരമമായ അസ്തിത്വം, അവന്റേതു മാത്രമായ കഴിവുകൾ, ഗുണങ്ങൾ, അവകാശങ്ങൾ ഇവയെക്കുറിച്ചൊക്കെയുണ്ടാകേണ്ട വിഭാവന മറ്റാരെങ്കിലും/ ഏതെങ്കിലുമായി ബന്ധപ്പെട്ട് വെച്ചു പുലർത്തുന്നത് മനുഷ്യ ധിഷണയെ സംബന്ധിച്ചേടത്തോളം ഗുരുതരമായ ഒരു പതനമാണെന്ന് ഇസ്‌ലാം കരുതുന്നു. താൻ നിലകൊള്ളുന്ന പ്രപഞ്ചത്തിന്റെ (അതുവഴി തന്റെ തന്നെ) അസ്തിത്വവും നിലനിൽപുമായി ബന്ധപ്പെട്ട ഏറ്റവും മൗലികവുമായ സത്യത്തിന്റെ കാര്യത്തിൽ സംഭവിക്കുന്ന പിഴവ് എന്നതാണ് ഇവിടത്തെ പ്രശ്നം. ഖുർആൻ 'ശിർക്ക്' എന്ന് വിളിക്കുന്ന ഈ വ്യതിയാനം കേവലം താത്ത്വികവും ധൈഷണികവുമായ ഒരു പ്രശ്നം മാത്രമല്ല. മറിച്ച്, മുകളിൽ സൂചിപ്പിച്ച കുഫ്‌റിന്റേതുപോലെതന്നെ ജീവിതത്തിന്റെ സർവതലങ്ങളെയും താറുമാറാക്കുന്ന പ്രായോഗിക തലം കൂടിയതിനുണ്ട്. അതിനാൽ കുഫ്‌റിനെ നിരാകരിക്കുന്ന അതേ ശക്തിയിൽ ഇസ്‌ലാം ശിർക്കിനെയും നിരാകരിക്കുന്നു.

എന്നു മാത്രമല്ല, സാക്ഷാൽ ദൈവത്തിന്റെ അസ്തിത്വം അവനോട് മാത്രമുള്ള വിധേയത്വം എന്നിവ സംബന്ധിച്ച ആവർത്തിച്ചുള്ള അംഗീകാര പ്രഖ്യാപനം, ഇസ്‌ലാമിക പ്രവേശനത്തിന്റെയും ഇസ്‌ലാമിൽ നിലകൊള്ളുന്നതിന്റെയും ഉപാധിയാക്കി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

കുഫ്ർ, ശിർക്കുകളുടെ നിരാകരണത്തിലൂടെ ദൈവ വിശ്വാസത്തിലും ഏകദൈവത്വ ദർശനത്തിലുമധിഷ്ഠിതമായി രൂപപ്പെടുന്നതാണ് ഇസ്‌ലാമിന്റെ മതതലം. ഇതിന്റെ തന്നെ സ്വാഭാവികതയായി വരുന്ന രിസാലത്ത് (ജീവിതക്രമീകരണത്തിനാവശ്യമായ നൈതിക പാഠങ്ങൾ), ആഖിറത്ത് (ജീവിതത്തിന്റെ ഒടുങ്ങാത്ത തുടർച്ചയിലുള്ള വിശ്വാസം) എന്നിവയും ഇസ്‌ലാം പ്രബോധനം ചെയ്യുന്ന മൗലിക തത്ത്വങ്ങളാണ്. പ്രസ്തുത തത്ത്വങ്ങളെ താത്ത്വിക തലത്തിൽനിന്ന് മനുഷ്യാനുഭവത്തിലേക്ക് സന്നിവേശിപ്പിക്കാനുതകുന്ന രീതിയിൽ രൂപം നൽകപ്പെട്ടിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾ (നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്...) ഇവയുടെ വിശദാംശങ്ങൾ ഒക്കെച്ചേർത്ത് രൂപപ്പെടുന്നതാണ് ഇസ്‌ലാമിന്റെ മതതലം.

## പ്രത്യയശാസ്ത്ര തലം

മതത്തിൽ ചൂഴ്ന്നു നിൽക്കുന്ന പ്രത്യയശാസ്ത്രം, അല്ലെങ്കിൽ പ്രത്യയശാസ്ത്രത്തിന്റെ മേൽക്കൂ

രയുള്ള മതം എന്ന് നാം ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം ഇത് രണ്ടിനെയും വെള്ളം കടക്കാത്ത അറകളായി വിഭജിക്കാൻ കഴിയില്ല എന്നാണതിന്റെ അർഥം. മതം എന്ന് നാം വിശേഷിപ്പിച്ച അതേ തത്ത്വങ്ങളുടെ ആഹ്വാന പ്രകാരവും അവയുടെ അടിത്തറകളിലുമാണ് ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രം രൂപംകൊള്ളുന്നത്. മതം വേരാണെങ്കിൽ, ശാഖകളും ഇലകളും ഫലങ്ങളും എല്ലാം ചേർന്നാണ് പ്രത്യയശാസ്ത്രത്തിന്റെ കുട പിടിക്കുന്നത്. ഇതെല്ലാം ചേർന്ന മരമാണ് ഇസ്‌ലാം.

എന്നാൽ ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. പ്രത്യയശാസ്ത്രത്തിന്റെ തലത്തിൽ ഇസ്‌ലാം സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന നന്മകൾ, മതപരമായി ഇസ്‌ലാമിക വിശ്വാസത്തിനു പുറത്തുനിൽക്കുന്നവരിൽ കൂടി കാണപ്പെടുന്നു എന്നതാണത്. ദൈവത്തിൽ ബോധപൂർവമായി വിശ്വാസം വെച്ചുപുലർത്താത്തവരിലും ബഹുദൈവത്വ ദർശനം അംഗീകരിച്ചവരിലും കൂടി ഏറിയോ കുറഞ്ഞോ ഈ നന്മകൾ ദൃശ്യമാണ്. അഥവാ ലോകത്തിന്റെ നിലനിൽപും മനുഷ്യ വംശത്തിന്റെ നൈരന്തര്യവും ഉറപ്പുവരുത്തുന്നതിനായി വ്യക്തികളും സമൂഹങ്ങളും മനുഷ്യപ്രകൃതിയുടെ ആഴത്തിൽ പതിഞ്ഞു കിടക്കുന്ന ഏതോ ഒരാഹ്വാനത്തിന്റെ ഫലമെന്നവണ്ണം പൊതുവായ ചില നന്മകൾ സാക്ഷാത്കരിക്കാൻ അഭിലഷിക്കുകയും വെമ്പൽ കൊള്ളുകയും ചെയ്യുന്നുണ്ട്. ഇതിൽ അപ്രഖ്യാപിതമായ ഒരേകോപനവും അഭിപ്രായ ഐക്യവും മനുഷ്യർക്കിടയിൽ കാണപ്പെടുന്നുണ്ട്. ഏവർക്കും പരിചിതമായത് എന്ന അർഥത്തിൽ, ഖുർആൻ ഇത്തരം നന്മകളെ 'മഅ്റൂഫ്' എന്ന് വിശേഷിപ്പിച്ചതും ശ്രദ്ധേയമാണ്.

സത്യസന്ധത, വിശ്വസ്ത, കാരുണ്യം, സഹാനുഭൂതി, ലൈംഗിക വിശുദ്ധി, അക്രമ മർദനങ്ങളോടുള്ള വെറുപ്പ്, പ്രകൃതിയോടുള്ള സ്നേഹം, സാമ്പത്തിക-സാമൂഹിക നീതി, വിശ്വാസ സ്വാതന്ത്ര്യം, ദുർബലർക്കുള്ള പരിരക്ഷ തുടങ്ങിയവയൊക്കെ ജാതി മത ഭേദമന്യെ ഏവരും സാക്ഷാത്കരിക്കണമെന്നാഗ്രഹിക്കുന്ന പൊതു നന്മകൾ അഥവാ 'മഅ്റൂഫ്' ആണ്. ഇതിലെല്ലാം വ്യതിചലനങ്ങളും പോരായ്മകളും എല്ലായിടത്തും സംഭവിക്കുമെങ്കിലും അതൊക്കെ 'വ്യതിചലന'മായിത്തന്നെ കണക്കാക്കുകയും അവയുടെയൊക്കെ ശരിയായ ആദർശ സ്വരൂപത്തിലേക്ക് തന്നെ മടങ്ങിപ്പോകാനുള്ള നിരന്തരമായ ശ്രമങ്ങൾ നടക്കുകയും ചെയ്യും. ഈ പ്രത്യേകതയുള്ളതുകൊണ്ടാണ് എല്ലാ തകർച്ചകൾക്കു ശേഷവും മാനവരാശിക്ക് ഉയർത്തെഴുന്നേൽക്കാൻ കഴിയുന്നത്.

മുകളിൽ സൂചിപ്പിച്ചതുപോലെ, ആഴത്തിൽ ചിന്തിച്ചാൽ ഇത്തരം നന്മകളുടെയും മൗലികമായ പ്രചോദനം, വസ്തുനിഷ്ഠമല്ലാത്ത മനുഷ്യ പ്രകൃതിയുടെ അഗാധതയിലെവിടെയോ മുഴങ്ങുന്ന നൈതിക ആഹ്വാനങ്ങളാണെന്ന് കാണാൻ പ്രയാസമില്ല. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. വയോ വൃദ്ധയായ മാതാവിനെ പരിചരിക്കുന്ന ഭൗതികവാദിയായ മകൻ അയാളുടെ ദർശന പ്രകാരം തികച്ചും പാഴ്‌വേലയാണ് ചെയ്യുന്നത്. എന്നാലൊരു മതവിശ്വാസിയേക്കാൾ ഭംഗിയായി അയാളത് നിർവഹിച്ചേക്കും. ഒഴിഞ്ഞു മാറാനാവാത്ത, അദൃശ്യമായ ഏതോ ഒരാഹ്വാനത്തെ പിന്തുടരുന്നു എന്നല്ലാതെ മറ്റൊരു ന്യായവും ഇതിന് കണ്ടെത്താനാവില്ല. ഇവിടെ പ്രചോദനം എന്തുതന്നെയായാലും താത്ത്വികമായി ആത്മീയതയെയും അദൃശ്യലോകത്തെയും നിരാകരിക്കുന്നതിനാൽ ദർശനപരമായി അയാൾ ഭൗതികവാദിയാണ് എന്നതാണ് വസ്തുത.

മറ്റൊരു കാര്യം. മതത്തിന്റേതിൽനിന്ന് വ്യത്യസ്തമായി, പ്രത്യയശാസ്ത്രത്തെക്കുറിച്ച ചർച്ചയിൽ നാം പറഞ്ഞ കാര്യങ്ങളോട് വ്യക്തിയും സമൂഹവും സ്വീകരിക്കുന്ന അനുകൂലവും പ്രതികൂലവുമായ സമീപനത്തിന്റെ ഫലങ്ങൾ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിലയിരുത്താവുന്നതാണ്. ഉദാഹരണമായി, കുത്തഴിഞ്ഞ ലൈംഗികത, സംസ്കാരങ്ങളെയും നാഗരികതകളെയും തകർക്കുമെന്ന് ചരിത്ര പഠനം സ്ഥാപിക്കുന്ന വസ്തുതയാണ്. സാമ്പത്തികവും സാമൂഹികവുമായ അനീതി സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ സംഘട്ടനത്തിനും കലാപത്തിനും ഇടയാക്കുകയും സമൂഹത്തെ തകർക്കുകയും ചെയ്യുമെന്നത് പ്രാഥമികമായ ഒരു സാമൂഹിക ശാസ്ത്ര പാഠമാണ്.

എല്ലാവരും നന്മയിൽ വിശ്വസിക്കുകയും നന്മയോട് താൽപര്യം പുലർത്തുകയും ചെയ്യുമ്പോഴും അപ്രഖ്യാപിതമോ ബോധപൂർവമല്ലാത്തതോ ആയ ഏകോപനത്തിനപ്പുറം നന്മയുടെ വക്താക്കൾ അസംഘടിതരായി തുടരുന്നു എന്ന പ്രശ്നവുമുണ്ട്. അതുകൊണ്ടാണ് ന്യൂനപക്ഷം വരുന്ന തിന്മയുടെ വക്താക്കൾക്ക് പലപ്പോഴും ലോകത്ത് സ്വാധീനം ലഭിക്കുന്നതും നന്മയുടെ പ്രച്ഛന്ന വേഷം

ധരിച്ചുകൊണ്ട് തിന്മ വിജയിപ്പിച്ചെടുക്കാൻ അവർക്ക് സാധിക്കുന്നതും. ഇവിടെ നന്മയെ ഏറ്റെടുക്കാനും നന്മയുടെ മുന്നണിയെ നയിക്കാനും ഒരു പ്രസ്ഥാനം അനിവാര്യമാണ്. അതാണ് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നത്. ലോകത്തെ ഏറ്റവും ശക്തമായ പ്രസ്ഥാനമായി നിലനിൽക്കാനാവശ്യമായ എല്ലാ സ്വത്വഘടകങ്ങളും ഇസ്‌ലാമിനുണ്ട്. സുദൃഢജ്ഞാനത്തിന്റെ കലർപ്പറ്റ സ്രോതസ്സായ ദൈവ വചനങ്ങളാണ് (ഖുർആൻ) അതിന്റെ ഭരണഘടന. പ്രായോഗിക കർമമാതൃക(സുന്നത്ത്)യും പാതയും ലക്ഷ്യവുമൊക്കെ കൃത്യവും നിർണിതവുമാണ്. അതിനാൽ നന്മയുടെ മുന്നണിക്ക് നേതൃത്വം കൊടുക്കാനുള്ള ശേഷി എന്തുകൊണ്ടും ഇസ്‌ലാമിന് സ്വതസിദ്ധമാണ്.

ജാതി മതഭേദമന്യെ ഏവരും അംഗീകരിക്കുന്ന നന്മകളുടെ ഏകോപനവും സാമൂഹികമായ സാക്ഷാത്കാരവുമാണ് പ്രത്യയശാസ്ത്രത്തിന്റെ തലത്തിൽ ഇസ്‌ലാം ഉറപ്പ് നൽകുന്നത്. ഇവിടെ ബഹുദൈവത്വമോ നാസ്തികതയോ ഇസ്‌ലാമിന്റെ പ്രതിസ്ഥാനത്തുണ്ടാവണമെന്നില്ല. മറിച്ച് ഏകാധിപത്യം, സ്വേഛാധിപത്യം, സാമ്രാജ്യത്വം, വർണ വിവേചനം, വർഗീയത, ഫാഷിസം, ഭൂമിയിലെ നശീകരണ പ്രവർത്തനങ്ങൾ, സാമ്പത്തിക ചൂഷണം, ലൈംഗിക അരാജകത്വം തുടങ്ങി എല്ലാ മനുഷ്യരെയും ബാധിക്കുന്ന പ്രശ്നങ്ങളായിരിക്കും ഇസ്‌ലാം നേരിടുക. ഏക ദൈവവിശ്വാസം അവകാശപ്പെടുന്നവരാണെങ്കിൽ പോലും ഇത്തരം തെറ്റുകളിൽ ഏർപ്പെടുന്ന വ്യക്തികളും വിഭാഗങ്ങളും ഇസ്‌ലാമിന്റെ പ്രതിസ്ഥാനത്താണുണ്ടാവുക.

## മതപ്രബോധനം

ഇസ്‌ലാമിന്റെ മതതലം എന്ന തലക്കെട്ടിനു കീഴിൽ വിവരിച്ച കാര്യങ്ങൾ ഓർമയിൽ ഉണ്ടായിരിക്കേണ്ടതാണ്. ഒരു വ്യക്തിയെ പരലോകത്ത് ശാശ്വത വിജയത്തിന് പ്രാപ്തനാക്കാൻ പര്യാപ്തമായ അതിപ്രധാനമായ സത്യങ്ങളാണ് ഇവിടെ ഇസ്‌ലാമിന്റെ മൗലിക പ്രബോധനം. മനുഷ്യനും തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവവും തമ്മിൽ മുഖാമുഖം നിൽക്കുന്ന മേഖലയാണിത്. ദൈവത്തെ അംഗീകരിച്ച് അവന്റെ വിനീത ദാസനായിത്തീരണമോ അതല്ല അവനെ അവഗണിച്ച് മറ്റനേകം ശക്തികളുടെ അടിമയായിത്തീരണമോ എന്നത് ഓരോരുത്തർക്കും സ്വയം തീരുമാനിക്കാവുന്നതാണ്. ഖുർആൻ തന്നെ നിരന്തരം വ്യക്തമാക്കിയിട്ടുള്ളതുപോലെ, മനുഷ്യന്റെ സ്വതന്ത്രമായ ഇഛാശക്തിയാണ് ഇതിൽ തീരുമാനമെടുക്കേണ്ടത്. വ്യക്തി സ്വയം ബോധവാനായി നിർവഹിക്കുന്ന മനോഭാവത്തിന്റെ പരിവർത്തനവും സ്വയം സന്നദ്ധനായി മുന്നോട്ടുവന്നുള്ള ആത്മശുദ്ധീകരണവും മാത്രമാണിവിടെ പരിഗണിക്കപ്പെടുക. ദൈവിക സന്മാർഗത്തോട് മനുഷ്യൻ സ്വീകരിക്കുന്ന നിലപാടെന്തായാലും അതിനനുസൃതമായ ഫലം ഏറ്റെടുക്കാൻ അയാൾ ബാധ്യസ്ഥനായിരിക്കും.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ മതപ്രബോധനത്തിന്റെ തലത്തിൽ ഇസ്‌ലാമിന് ഒരേയൊരു നിലപാട് മാത്രമേയുള്ളൂ. ബോധവത്കരണത്തിന്റെയും സംവാദത്തിന്റെയും പ്രാർഥനയുടെയും രീതിയാണത്. തികഞ്ഞ യുക്തിയോടെയും ഗുണകാംക്ഷയോടെയും സന്ദേശം സമർപ്പിക്കുക എന്നത് മാത്രമാണ് പ്രബോധകന്റെ ബാധ്യത. മതപ്രബോധനാർഥം ഇസ്‌ലാം സമരത്തിനോ യുദ്ധത്തിനോ ആഹ്വാനം ചെയ്യുകയോ സമ്മർദം ചെലുത്തുകയോ ഇല്ല (ഖുർആൻ 2:256). മാത്രമല്ല, ഏത് മതത്തിലും ആദർശത്തിലും വിശ്വസിക്കാനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യം ഇസ്‌ലാം വിഭാവന ചെയ്യുന്ന അടിസ്ഥാന മനുഷ്യാവകാശത്തിന്റെ ഭാഗമാണ്. സ്വന്തം സത്യതയിൽ ഇസ്‌ലാമിന് പരിപൂർണ വിശ്വാസമുണ്ട്. അതേ അഭിപ്രായം ഓരോരുത്തർക്കും തങ്ങളുടെ വിശ്വാസങ്ങളെക്കുറിച്ചും വെച്ചുപുലർത്താൻ ഇസ്‌ലാം അനുവദിക്കുന്നു. ഒരേ അവകാശത്തോടും സ്വാതന്ത്ര്യത്തോടും കൂടി എല്ലാ വിശ്വാസങ്ങൾക്കും പുലരാനുള്ള സാമൂഹിക സാഹചര്യത്തിന്റെ സൃഷ്ടിക്കു വേണ്ടി പൊരുതേണ്ടത് ലോകനീതിയുടെ അനിവാര്യ താൽപര്യമാണെന്ന് കൂടി ഖുർആൻ വ്യക്തമാക്കുന്നു (22:40). വിശ്വാസ കാര്യങ്ങളിലുള്ള വിചാരണയും കണക്കു നോക്കലും ഇസ്‌ലാം പരലോകത്തേക്ക് നീട്ടിവെക്കുന്നു (22:17). ജനങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന വ്യാജ ദൈവങ്ങളെ പോലും ആക്ഷേപിക്കാൻ പാടില്ല എന്നും വ്യക്തമാക്കിയിരിക്കുന്നു (6:108). ധാർമികതയെയും സദാചാരത്തെയും വെല്ലുവിളിക്കാത്ത എല്ലാ വിശ്വാസങ്ങളും ഇസ്‌ലാം വിഭാവന ചെയ്യുന്ന സാമൂഹിക ക്രമത്തിനകത്ത് സമാധാനത്തോടെ പുലരും എന്ന സന്ദേശമാണ് ഇസ്‌ലാമിന്റെ സുവർണകാലഘട്ടം ചരിത്രത്തിനു നൽകിയിട്ടുള്ളത്.

## പ്രത്യയശാസ്ത്ര ഇടപെടൽ

ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രതലം എന്ന തലക്കെട്ടിനു കീഴിൽ പറഞ്ഞ കാര്യങ്ങൾ ഓർക്കു

ക. ഭൂമിയുടെ വിശുദ്ധിയും മാനവികതയുടെ മഹത്വവും ഉറപ്പുവരുത്തുകയാണ് ഇവിടെ ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്. അതിനു വേണ്ടി എല്ലായിടത്തുമുള്ള നന്മകളെ ഏകോപിപ്പിക്കാനും നന്മയുടെ മുന്നണിക്ക് നേതൃത്വം നൽകാനും ഇസ്‌ലാം മുന്നോട്ടുവരും. മറുവശത്ത് എല്ലായിടത്തുമുള്ള തിന്മകളെ താത്ത്വികമായും പ്രായോഗികമായും അത് നേരിടുകയും ചെയ്യും. കേവല നന്മ/കേവല തിന്മ എന്നതിനപ്പുറം ഇവിടെ മറ്റൊരു വേർതിരിവും ഉണ്ടാവുകയില്ല.

മാനവികതയുടെ അഗാധമായ നന്മയിൽ ഇസ്‌ലാമിന് എപ്പോഴും ശുഭാപ്തി വിശ്വാസമുണ്ട്. വ്യക്തികൾക്കും സമൂഹങ്ങൾക്കും ഇത് ബാധകമാണ്. അതിനാൽ തിന്മയിൽ വ്യാപൃതനാവുന്നതുപോലെ നന്മയിലേക്ക് തിരിച്ചുവരാനുള്ള അനന്തമായ സാധ്യതയും എല്ലാവരിലും ഉണ്ട് എന്ന് ഇസ്‌ലാം കരുതുന്നു. മാത്രമല്ല എവിടെയുമെന്നതുപോലെ പ്രത്യയശാസ്ത്ര ഇടപെടലിന്റെ കാര്യത്തിലും ഇസ്‌ലാമിന്റെ പ്രഥമ പരിഗണന സമാധാനപൂർണവും അഹിംസാത്മകവുമായ മാർഗമായിരിക്കും (20:43-47). അതിനാൽ കമ്യൂണിസത്തിന്റേതുപോലെ, സമൂഹത്തിലെ നിശ്ചിത വിഭാഗത്തെ ഉന്മൂലനം ചെയ്ത് വിപ്ലവം സാധിക്കുക എന്ന ആത്യന്തിക ഹിംസാവാദത്തോട് ഇസ്‌ലാം വിയോജിക്കുന്നു. എന്നാൽ ചില വ്യക്തികളും സാമൂഹിക വിഭാവങ്ങളും എന്നതിനെക്കാളുപരി, കേവലമായ തിന്മയുടെ പക്ഷത്തെ പ്രതിനിധീകരിക്കുന്ന വ്യവസ്ഥകളും തത്ത്വശാസ്ത്രങ്ങളും പ്രസ്ഥാനങ്ങളുമുണ്ടാവും. സാമ്രാജ്യത്വവും മുതലാളിത്തവും ഫാഷിസവും ഉദാഹരണങ്ങളാണ്. ഇവയോടൊക്കെയുള്ള ഇസ്‌ലാമിന്റെ സമീപനം സമരോത്സുകവും കർക്കശവുമാണ്. മാത്രമല്ല, പോരാട്ടം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ നിസ്സംഗത പുലർത്തുന്നതിനെ അക്ഷന്തവ്യമായ അപരാധമായിട്ടു കൂടിയാണ് ഇസ്‌ലാം കാണുന്നത്. "ദൈവമാർഗത്തിൽ- മർദിതർക്കു വേണ്ടി- പോരാടാതിരിക്കാനെന്തു ന്യായം?" (4:75) എന്ന ചോദ്യം ഈ വസ്തുതയെ ശരിക്കും പ്രതിഫലിപ്പിക്കുന്നുണ്ട്.

തിന്മ തകർത്ത് നന്മ സ്ഥാപിച്ച്, ജാതി, മത, വർഗ, വർണ ഭേദമന്യെ- അന്നാസ് എന്നും ഇൻസാൻ എന്നും ഖുർആൻ പ്രയോഗിക്കുന്ന- മനുഷ്യരുടെ വിമോചനം ഉറപ്പുവരുത്തുകയാണ് ഇസ്‌ലാമിക സമൂഹത്തിന്റെ നിയോഗ ലക്ഷ്യം (3:110). അഥവാ ശുദ്ധ മാനവികതയുടെ വർണം മുക്കി, ലോകമാകുന്ന അതിരില്ലാത്ത കാൻവാസിൽ വിശ്വമാനവികതയുടെ ചിത്രം വരയാനാണ് ഇസ്‌ലാം അഭിലഷിക്കുന്നത് എന്നർഥം. ഭൂമിയിലെ അരാജകത്വവും അരക്ഷിതത്വവും (ഫിത്ന) അവസാനിപ്പിച്ച് വ്യവസ്ഥയും സുരക്ഷിതത്വവും (ദീൻ) സ്ഥാപിക്കുക എന്നതാണ് ഇസ്‌ലാമിക പോരാട്ടങ്ങളുടെ ലക്ഷ്യമായി ഖുർആൻ എണ്ണിയിട്ടുള്ളത് (8:39). സൻആഅ് മുതൽ ഹദറമൗത്തുവരെ ഒരാൾക്ക് നിർഭയമായി സഞ്ചരിക്കാൻ കഴിയുന്ന സാമൂഹികക്രമത്തെക്കുറിച്ച പ്രവാചക സ്വപ്നം, അദ്ദേഹത്തിന്റെ തികഞ്ഞ പ്രത്യയശാസ്ത്രബോധത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

## മതപ്രബോധനവും പ്രത്യയശാസ്ത്ര ഇടപെടലും തമ്മിലുള്ള ബന്ധം

ഇസ്‌ലാമിന്റെ മതതലം, പ്രത്യയശാസ്ത്രതലം എന്നിവയുടെ ഉള്ളടക്കം, മതപ്രബോധനത്തിന്റെയും പ്രത്യയശാസ്ത്ര ഇടപെടലിന്റെയും സ്വഭാവം എന്നിവ വിശദമാക്കാനാണ് ഇതുവരെ ശ്രമിച്ചത്. മതപ്രബോധനവും പ്രത്യയശാസ്ത്ര ഇടപെടലും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവങ്ങളാണ് ഇനി വിശദീകരിക്കുന്നത്.

ഇസ്‌ലാമിന്റെ മതതലവും പ്രത്യയശാസ്ത്രതലവും പരസ്പരം പൂരകങ്ങളാണെന്നും രണ്ടിലൊന്നിനെയും അവഗണിക്കാനാവില്ലെന്നും മുൻകഴിഞ്ഞ വിശദീകരണങ്ങളിൽനിന്ന് വ്യക്തമായി. ഇസ്‌ലാം രണ്ട് മുഖങ്ങളോടെയുമാണ് ലോകത്ത് വെളിപ്പെടുത്തപ്പെടേണ്ടത് എന്നതാണ് വസ്തുത. അവക്കിടയിൽ ശരിയായ അനുപാതം കാത്തുസൂക്ഷിക്കുകയും ഓരോന്നിനും അതതിന്റെ സ്ഥാനം നൽകുകയും വേണം. ഇസ്‌ലാമിനെ സംബന്ധിച്ച് മതത്തിന്റെ വിഭാവന മാത്രം വളരെയധികമായി കൽപിക്കപ്പെടുകയും പ്രത്യയശാസ്ത്രതലത്തെ സംബന്ധിച്ച് മുസ്‌ലിംകൾതന്നെ അജ്ഞരാവുകയും ചെയ്തിട്ടുണ്ട്. വിശ്വാസപരവും ആത്മീയ പ്രധാനവുമായ കാര്യങ്ങളെ സംബന്ധിച്ച വചനപ്രഘോഷണങ്ങളിലൂടെ നിർവഹിക്കപ്പെടാവുന്നതാണ് ഇസ്‌ലാമിക പ്രബോധനമെന്നു വന്നു. അങ്ങനെ ഇസ്‌ലാമിക പ്രബോധനത്തിന്റെ മാധ്യമങ്ങൾ മൈക്രോഫോണും സി.ഡിയും പുസ്തകങ്ങളും മാത്രമാണെന്ന ചിന്ത വന്നു. വർത്തമാന കാലത്തിന്റെ മൂർത്ത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാൻ അശക്തമായ അപൂർണമോ വികലമോ ആയ ഒരു സമീപനമാണിത്. ഇസ്‌ലാമിന് തികച്ചും അന്യമായ ഒരു പലായന മനസ്ഥിതിയാണത് പ്രതിഫലിപ്പിക്കുന്നത്. സമൂഹത്തിൽ ഇസ്‌ലാമിനെ സംബ

ന്ധിച്ച തലകീഴായ ഒരു വീക്ഷണം വളർത്തിയെടുക്കലും ഇസ്‌ലാമിനാൽ നിർവഹിക്കപ്പെടേണ്ട വിപുലമായ ഭൗമിക ദൗത്യത്തിൽനിന്ന് അതിനെ തടയലുമാണത്. അതിനാൽ ഇസ്‌ലാമിന്റെ പ്രബോധനവും പ്രത്യയശാസ്ത്ര ഇടപെടലും തമ്മിലുള്ള ബന്ധത്തിന്റെ ശരിയായ രീതി മനസ്സിലാക്കേണ്ടത് എന്തുകൊണ്ടും അനിവാര്യമാണ്.

നന്മയുടേതായ (മഅ്‌റൂഫ്) ഒരു സാമൂഹിക ക്രമത്തിനു വേണ്ടിയുള്ള വിശ്വാസികളുടെ സംഘടിത പ്രവർത്തനമാണ് മതപ്രബോധനത്തിനുള്ള അരങ്ങും അന്തരീക്ഷവും ഒരുക്കുന്നത്. സമൂഹത്തിൽ ആധിപത്യം വാഴുന്ന തിന്മയുടെ ശക്തികൾ ജനങ്ങളെ എല്ലായ്‌പ്പോഴും മിഥ്യാ ഭാവനകളിലും തെറ്റായ സങ്കൽപങ്ങളിലും തളച്ചിടാൻ ശ്രമിച്ചുകൊണ്ടിരിക്കും. തിന്മയുടെ രാഷ്ട്രീയ, സാംസ്‌കാരിക മേധാവിത്വം ആധിപത്യം വാഴുന്ന തത്ത്വശാസ്ത്രത്തെ മാത്രം ശരിവെക്കുന്ന ഏകശിലാത്മകവും ഏകപക്ഷീയവുമായ വീക്ഷണം ഹിംസാത്മകമായി അടിച്ചേൽപിക്കാനാണ് ശ്രമിക്കുക. ഇപ്പോൾ ലോകത്ത് പൊതുവിൽ ശക്തിപ്പെടുന്ന സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും രാഷ്ട്രീയ, സാംസ്‌കാരിക അജണ്ടകളുടെ പ്രയോഗവത്കരണം ഈ വസ്തുതയെ ശരിവെക്കുന്നു. ഇത്തരം മൂർത്ത യാഥാർഥ്യങ്ങൾ നിലനിൽക്കുമ്പോൾ അവക്കെതിരിൽ ക്രിയാത്മകമായ സമരമുന്നണി കെട്ടിപ്പടുക്കാതെ ഇസ്‌ലാമിന് മുന്നോട്ട് പോകാനാവില്ല. ഇത്തരം സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും മതപ്രബോധനത്തിന് മാത്രമായി വേറിട്ടൊരസ്തിത്വമുണ്ടാവില്ല. മുകളിൽ സൂചിപ്പിച്ചതുപോലുള്ള ഒരു സംഘടിത മുന്നേറ്റത്തിന്റെ അഭാവത്തിലുള്ള ഒറ്റപ്പെട്ട വ്യക്തികളുടെ മതപ്രചാരണ പ്രവർത്തനങ്ങൾ താൽക്കാലിക ഫലങ്ങൾ സൃഷ്ടിച്ചേക്കാമെങ്കിലും, ഇസ്‌ലാമിൽനിന്ന് ലഭിക്കേണ്ട പരമാവധി സദ്ഫലങ്ങൾ ലോകത്തിന് ലഭ്യമാക്കുന്നതിൽ അത്തരം ശ്രമങ്ങൾ അപര്യാപ്തമായിരിക്കും. സമഗ്രമായ ഒരു മുന്നേറ്റത്തിന്റെ ഭാഗമെന്ന നിലയിലും, അതിൽ കണ്ണി ചേർത്തുകൊണ്ടും മാത്രം നിർവഹിക്കപ്പെടുമ്പോഴേ ഒറ്റപ്പെട്ട വ്യക്തികളുടെ പ്രബോധന പ്രവർത്തനങ്ങൾ പോലും സാർഥകമാവൂ എന്നർഥം.

സത്യത്തിന്റെ സാക്ഷ്യം ഏറ്റെടുത്ത് നിർവഹിക്കുന്ന നന്മയിലേക്കുള്ള സംഘടിതമുന്നേറ്റം എന്ന വിഭാവനയാണ് മൊത്തത്തിൽ ഇസ്‌ലാമിക പ്രബോധനത്തെക്കുറിച്ച് ഖുർആൻ മുന്നോട്ടുവെക്കുന്നത് (2:143, 3:104,110, 22:78). നേരത്തേ വ്യക്തമാക്കിയിട്ടുള്ളതുപോലെ വിശ്വാസ സാഹോദര്യത്തിലും ഏകമാനവികതയിലും അധിഷ്ഠിതമായ ഒരു പുതുലോകക്രമമാണ് ഈ മുന്നേറ്റം അതിന്റെ ദീർഘകാല ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത മുന്നേറ്റം അതിന്റെ എല്ലാ ഘട്ടത്തിലും സാധ്യമായത്ര നന്മകൾ ഉൽപാദിപ്പിച്ചുകൊണ്ടേയിരിക്കും. വ്യത്യസ്ത മതാനുയായികളും വ്യത്യസ്ത ആദർശങ്ങളുടെ വക്താക്കളും തമ്മിലുള്ള സമാധാനപരമായ സംവാദങ്ങളും നന്മയിലുള്ള സഹവർത്തിത്വവും ഈ മുന്നേറ്റത്തിന്റെ സ്വാഭാവികതയാണ്. അവിടെ വ്യത്യസ്ത വിശ്വാസങ്ങൾ തമ്മിലുള്ള താരതമ്യത്തിനും വായനക്കും പഠനത്തിനും ധാരാളം സാധ്യതകൾ സൃഷ്ടിക്കപ്പെടും.

'ഉമ്മത്ത്' എന്നാണ് മുകളിൽ സൂചിപ്പിച്ച സൂക്തങ്ങളിലെല്ലാം പരാമർശിക്കപ്പെടുന്നത്. ശക്തവും സംഘടിതവുമായ സാമൂഹികതയാണല്ലോ ഉമ്മത്തിന്റെ ഉള്ളടക്കം. ഏതൊരു ആശയത്തിന്റെയും വിഭാഗത്തിന്റെയും ഭൂമിയിലെ നിലനിൽപും അതിജീവനവും സാധ്യമാക്കുന്നത് മുഖ്യമായും അതിന്റെ രാഷ്ട്രീയവും സാംസ്‌കാരികവുമായ സ്വാധീനമാണ്. ഈ മേഖലകളിൽ സാന്നിധ്യമില്ലാത്ത ആദർശം എത്രതന്നെ മഹത്തരമാണെങ്കിലും അത് നിലനിൽക്കുന്ന സാമൂഹിക ചുറ്റുപാടിൽ അപരവത്കരിക്കപ്പെടും. ഈ മേഖലകളിൽ സ്വാധീനമില്ലാത്ത സമൂഹം മറ്റുള്ളവരുടെ ഇരകളാക്കപ്പെടും. ഇത്തരമൊരു സാഹചര്യം ഏതാദർശത്തെയും സമൂഹത്തെയും സംബന്ധിച്ചേടത്തോളം ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിക്കുക. ആധുനിക കാലത്ത് ഇസ്‌ലാമിക പ്രബോധനം നേരിട്ട ഒരു വലിയ പ്രതിസന്ധി അതിന്റെ രാഷ്ട്രീയവും സാംസ്‌കാരികവുമായ (മുഖ്യമായും മാധ്യമം, സാഹിത്യം തുടങ്ങിയവയിലെ പിന്നാക്കാവസ്ഥ) ആധിപത്യം നഷ്ടപ്പെട്ടു എന്നതുതന്നെയായിരുന്നു. ഈ യാഥാർഥ്യത്തെ അഭിമുഖീകരിക്കാതെ ഒരു പ്രബോധക സംഘത്തിനും മുന്നോട്ടു പോകാനാവില്ല. ഇരുപതാം നൂറ്റാണ്ടിൽ കമ്യൂണിസ്റ്റ്, മുതലാളിത്ത പ്രത്യയശാസ്ത്രങ്ങൾക്ക് മനസ്സിലിറങ്ങി നിൽക്കാൻ ശക്തമായ രാഷ്ട്രീയ സംവിധാനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇസ്‌ലാമിന്റെ മതം കോടിക്കണക്കിന് അനുയായികളാൽ വിശ്വസിക്കപ്പെടുകയും ആചരിക്കപ്പെടുകയും ചെയ്തിട്ടും ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രത്തിന് വെളിപ്പെടാൻ ഒരു രാഷ്ട്രീയ സാമൂഹിക സംവിധാനം ഉണ്ടായിരുന്നില്ല.

ഇരുപത്തൊന്നാം നൂറ്റാണ്ട് കുറച്ചു കൂടി സങ്കീർണവും സൂക്ഷ്മവുമായ ആവിഷ്കാരങ്ങളുടെ കാലഘട്ടമാണ്. ഒരു രാഷ്ട്ര വ്യവസ്ഥയുടെ ആവശ്യകത നിലനിൽക്കുമ്പോൾ തന്നെ, മാറിയ സാഹചര്യങ്ങളെ കണക്കിലെടുക്കാതെ വയ്യ. കൂടുതൽ മാനവികവും പുരോഗമനപരവുമായ ഒരാഗോള ദർശനം രൂപപ്പെടുത്തുന്നതിനാവശ്യമായ മാധ്യമങ്ങളിന്ന് മാനവരാശിക്ക് ലഭ്യമായിട്ടുണ്ട്. അതേ സമയം ഈ ആഗോള ഭൂമികക്കുള്ളിൽ തന്നെ ശക്തിപ്പെട്ടുവരുന്ന സൂക്ഷ്മമായ വൈവിധ്യങ്ങളുടെ സംവാദത്തിനും സഹവർത്തിത്വത്തിനുമുള്ള സാധ്യതകളും ആരായേണ്ടതുണ്ട്. ഇത്തരം സാഹചര്യങ്ങളെയൊക്കെ നേരിടാനുള്ള പ്രത്യുൽപന്നമതിത്വമാണ് യഥാർഥത്തിൽ പ്രബോധക സംഘത്തിൽനിന്നുണ്ടാവേണ്ടത്. ■

shanavaspkollam@gmail.com